## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4869 4.7.2012 ൽ മറുപടിയ്ക്ക്**

### ജനസമ്പർക്ക പരിപാടിയിലെ ചേർത്തല താലൂക്കിൽ അളവ് സംബന്ധമായ തർക്കങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ചേർത്തല താലൂക്കിൽ അളവ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) (1) അരൂർ : 5<br>(2) എഴുപുന്ന : 1<br>(3) കോടംതുരുത്ത് : 2<br>(4) തുറവൂർ തെക്ക് : 4<br>(5) അരൂക്കുറ്റി : 1<br>(6) തൈക്കാട്ടുശ്ശേരി : 5<br>(7) പള്ളിപ്പുറം : 5<br>(8) പട്ടണക്കാട് : 7<br>(9) കടക്കരപ്പള്ളി : 5<br>(10) വയലാർ കിഴക്ക് : 3<br>(11) ചേർത്തല വടക്ക് : 2<br>(12) തണ്ണീർമുക്കം തെക്ക് : 16<br>(13) തണ്ണീർമുക്കം വടക്ക് : 17<br>(14) കൊക്കോതമംഗലം : 2<br>(15) കഞ്ഞിക്കുഴി : 12<br>(16) മാരാരിക്കുളം വടക്ക് : 35<br>(17) ചേർത്തല തെക്ക് : 65<br>---<br>ആകെ : 187 |

| | | | |
|---|---|---|---|
| (ബി) | ആയതിൽ എത്ര കേസുകൾ പരിശോധിച്ച് ഇതിനോടകം പരിഹരിച്ചു എന്ന് അറിയിക്കുമോ; | (ബി) | 81 കേസുകൾ |
| (സി) | പരിഹരിക്കപ്പെടാത്ത കേസുകളിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം കക്ഷികളെ അറിയിക്കാതെ അനിശ്ചിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | പരിഹരിക്കപ്പെടാത്ത കേസുകളിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം കക്ഷികളെ നേരിട്ടും രേഖാമൂലവും അറിയിച്ചിട്ടുണ്ട്. അളവു സംബന്ധമായ അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സർവ്വെ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അളവ് സംബന്ധമായ അപേക്ഷകൾ കൃത്യവും സമയബന്ധിതവുമായി പരിശോധിച്ച് നടപടി സ്വീകരിക്കാത്ത സർവ്വേ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ചോദിക്കുകയോ അവർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഇ) | ദീർഘകാലമായി പരിഹരിക്കപ്പെടാതെ കിടന്ന ഇത്തരം അളവ് സംബന്ധമായ അപേക്ഷകൾ ജനസമ്പർക്ക പരിപാടിയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ദീർഘകാലമായി പരിഗണിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകൾ സർവ്വെ ജീവനക്കാരുടെ അഭാവം മൂലം തീർക്കുവാൻ കാലതാമസം നേരിടുന്നു. ഇതിൽ അത്യാവശ്യമായ കേസുകൾ ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ സമർപ്പിച്ചതു മൂലം പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ